ന്നതാണ്. അവന്റെ സാന്നിദ്ധ്യം നിങ്ങൾക്കു സമൃദ്ധിയായ ജീവൻ പ്രദാനം ചെയ്തു നിങ്ങളെ രൂപാന്തരപ്പെടുത്തും. അവിടുന്നു സ്നേഹം ആകയാൽ അവന്റെ നുകം മൃദുവും ചുമടു ലഘുവുമായി നിങ്ങൾക്ക് അനുഭവപ്പെടുകയും ചെയ്യും.

ഈ ക്രിസ്തുവിന്റെ കൃപ നിങ്ങളുടെ മേൽ ഉദിക്കുമ്പോൾ നിങ്ങൾ മറ്റുള്ളവർക്കു ശക്തിയും പ്രശംസയും സന്തോഷവും കൊടുക്കുന്നവരാകും. ക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നിങ്ങളെ ശുദ്ധീകരിക്കുകയും പരിശുദ്ധാത്മാവാം ദൈവം നിങ്ങൾക്കു പുതുജീവൻ തരികയും ചെയ്യും. പിന്നെ നിങ്ങളുടെ ഭാരങ്ങളെയും പ്രയാസങ്ങളെയും പറ്റി വ്യാകുലപ്പെടുകയില്ല. മാത്രമല്ല, ചുറ്റുപാടുമുള്ള ക്ഷീണിതരായ അനേകരുടെ ദുഃഖഹൃദയങ്ങളെ ആശ്വസിപ്പിക്കുന്നവരും യഥാസ്ഥാനപ്പെടുത്തുന്നവരുമായിത്തീരും.

ക്രിസ്തുവുമായുള്ള കൂട്ടായ്മ മറ്റുള്ളവരെ ക്രിസ്തുവിനുവേണ്ടി നേടുവാൻ നിങ്ങളെ സഹായിക്കും. ലോകരക്ഷിതാവ് നിങ്ങളോടൊത്ത് ചേർന്നു പ്രവർത്തിക്കാൻ ആരംഭിക്കും. അങ്ങനെ ദൈവസ്നേഹത്തിന്റെ വിത്തുകൾ വിതയ്ക്കപ്പെടുന്നതിനും ഒരു വലിയ കൊയ്ത്തിനുവേണ്ടി ഒരുങ്ങുന്നതിനും നിങ്ങൾക്ക് ഇടയാകും. ക്രിസ്തുവിന്റെ നുകം ഏറ്റുകൊള്ളുന്നതിനേക്കാൾ മാന്യമായ ഒരു പ്രവൃത്തിയും ലോകത്തിലില്ല. തന്നോടൊന്നിച്ചുള്ള വാസം നിർവ്യാജ സന്തോഷവും ആനന്ദവും പ്രദാനം ചെയ്യുന്നു. ഈ നല്ല ദൈവത്തെ സ്നേഹിക്കുന്നതും സേവിക്കുന്നതും ഏറ്റവും മഹനീയമായ അനുഭവമത്രെ.

ഈ കാര്യത്തെപ്പറ്റി നിങ്ങളുടെ അഭിപ്രായം ഞങ്ങളെ അറിയിക്കുമെങ്കിൽ **"രക്ഷ പ്രാപിക്കാൻ ഞാൻ എന്തു ചെയ്യണം?"** എന്ന പുസ്തകം സൗജന്യമായി അയച്ചു തരുന്നതാണ്. നിങ്ങളുടെ പേരും മേൽവിലാസവും ശരിയായി എഴുതുക. എല്ലാ കൂട്ടുകാരോടും കാർഡ് എഴുതാൻ പറയുക. അവർക്കും സൗജന്യമായി ബുക്ക് അയച്ചു കൊടുക്കാം.


Call of Hope, (NIDA' - AL - RAJA')
P.O. Box 45, Kayamkulam - 690 502


P. P. George & Sons, Angamaly. Ph: 0484-2456719



**"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയുമുള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും"**

**(മത്തായി 11:28-30)**

നമ്മുടെ ഉൾക്കാഴ്ചയും ധാരണയും ശക്തിയുള്ളതായിരുന്നെങ്കിൽ ചുറ്റുപാടും ഉള്ളവരുടെ വേദനകളും മറഞ്ഞിരിക്കുന്ന പ്രയാസങ്ങളും അവരുടെ ജീവിതത്തിലുള്ള തിന്മകളും നമുക്കു കണ്ടുപിടിക്കാമായിരുന്നു. അതു നമ്മെ ആശ്ചര്യപ്പെടുത്തുകയും, ഭയപ്പെടുത്തുകയും, വിറപ്പിക്കുകയും ചെയ്തേനെ.

ചുമട്ടുതൊഴിലാളികൾ വലിയ ഭാരങ്ങൾ ചുമക്കുന്നതുപോലെ ചില ആളുകൾ രഹസ്യമായ പാപഭാരങ്ങൾ വഹിക്കുന്നു. ആളുകളുടെ മുഖത്തുനോക്കി അവരുടെ ചുളുങ്ങിയ കൺപോളകളിൽനിന്നും, ക്ഷീണിച്ച കണ്ണുകളിൽനിന്നും, ശോകാർദ്രമായ മുഖങ്ങളിൽനിന്നും അവരുടെ നിജാവസ്ഥ മനസ്സിലാക്കുവാൻ പര്യാപ്തമായ സ്നേഹ നയനങ്ങൾ നമുക്കില്ല.

ദൈവത്തിനു സ്തോത്രം. മനുഷ്യരുടെ ഹൃദയത്തെയും ഹൃദയഭാരങ്ങളെയും അറിയുന്ന ഒരുവനുണ്ട്. ദൈവസ്നേഹത്തിന്റെ അവതാരമാണ് അവിടുന്ന്. അവിടുത്തെ നാമം യേശുക്രിസ്തു എന്നാകുന്നു. അവിടുന്ന് നമ്മുടെ പാപങ്ങൾക്കൊത്തവണ്ണം നമ്മെ ശിക്ഷിക്കുന്നില്ല. നമ്മുടെ ദുഷ്ടത മൂലം നമ്മെ തള്ളിക്കളയുന്നുമില്ല. ശരിയായ ഒരു ജീവിതം നയിക്കുന്നതിനുള്ള നിങ്ങളുടെ ഹൃദയവാഞ്ഛ അവിടുന്നു അറിയുന്നു. നിങ്ങളുടെ ജീവിതത്തിലെ പരാജയത്തിന്റെ കാരണങ്ങൾ എന്തെന്നു അവിടുന്നു അറിയുന്നു. പാപഭാരത്താലുള്ള മുറിവുകൾ സൗഖ്യമാക്കുവാൻ കഴിയുന്നവനാണ് അവൻ.

ക്രിസ്തുവിന്റെ മുമ്പാകെ നിങ്ങളുടെ ജീവിതം നഗ്നവും മലർന്നതുമായിട്ടിരിക്കുന്നു. പരിശുദ്ധനായ ദൈവത്തെപ്പോലെ നിങ്ങളെ പൂർണ്ണമായി കണ്ടറിയുവാൻ അവനു സാധിക്കും. യേശുക്രിസ്തു നിങ്ങളെ സ്നേഹിക്കുകയും വിളിക്കുകയും ചെയ്യുന്നു. തന്റെ സന്നിധിയിൽ വരുമെങ്കിൽ യേശുക്രിസ്തു നിങ്ങളെ സഹായിക്കും. വിവിധ പ്രശ്നങ്ങളാലും ആകുല ചിന്തകളാലും നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? പാപത്തിൽനിന്നും ഭയത്തിൽനിന്നും രക്ഷിക്കുന്നതിന് ഒരു രക്ഷകനെ നിങ്ങൾക്കു ആവശ്യമുണ്ട്. ക്രിസ്തുവിങ്കലേക്കു വരിക. നിങ്ങളുടെ പ്രശ്നങ്ങൾ അവിടുത്തെ മുൻപാകെ സമർപ്പിക്കുക. അവിടുത്തോട് നിങ്ങളുടെ പാപങ്ങൾ ഏറ്റുപറയുക. പ്രയാസപ്പെട്ടും കലങ്ങിയുമിരിക്കുന്ന നിങ്ങളുടെ മനസ്സിനെ അവൻ ശാന്തമാക്കും. പാപങ്ങളിൽനിന്ന് നിങ്ങളെ മോചിപ്പിച്ചു വെടിപ്പുള്ളവനാക്കും. കഴിഞ്ഞുപോയ ജീവിതത്തിൽ തെറ്റായിരുന്നതെല്ലാം അവിടുന്നു ശരിയാക്കും.

നിങ്ങളെ ഒരിക്കലും അനാഥരായി വിടുകയില്ല. നിങ്ങളുടെ വിവിധ ഭാരങ്ങൾ അവൻ വഹിക്കും. തന്നോടുകൂടി അവിടുത്തെ നുകത്തിനു പങ്കാളിയാകാൻ നിങ്ങളെ ക്ഷണിക്കുന്നു. നിലങ്ങൾ ഉഴുന്നതിനാണ് നുകം ഉപയോഗിക്കുന്നത് എന്ന് നമുക്കറിയാം.

കൂടുതൽ ബലമുള്ള മൃഗങ്ങൾ അധികം ശക്തിയോടെ ഭാരം വലിക്കുന്നു. സർവ്വശക്തനായ ക്രിസ്തു എങ്ങനെ നമ്മുടെ ഭാരങ്ങൾ വഹിക്കുന്നുവെന്നും പങ്കിടുന്നുവെന്നും ഇതു സ്പഷ്ടമാക്കുന്നു. തന്നോടുള്ള കൂട്ടായ്മ നിങ്ങൾക്കു എത്ര അനുഗ്രഹമായിരിക്കും! യേശുവിന്റെ പ്രത്യേക നുകം നിങ്ങളെ പരിശുദ്ധനായ ദൈവത്തോട് നിരപ്പിക്കുന്നതാണ്. ആ ദൈവം തന്നെ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ്. നിങ്ങളുടെ ഉപവാസവും പ്രാർത്ഥനയും ന്യായപ്രമാണാചാരാനുഷ്ഠാനങ്ങളും നിങ്ങളെ ദൈവമുമ്പാകെ നീതീകരിക്കുന്നില്ല. ക്രിസ്തുവിന്റെ ക്രൂശുമാത്രമാണ് നിങ്ങളെ നീതീകരിക്കുന്നത്. ആ ക്രൂശാകുന്ന നുകം നിങ്ങളുടെ മേൽ വയ്ക്കുമ്പോൾ നിങ്ങൾ പാപത്തിൽനിന്നു മോചിതനാകുന്നു. അവിടുത്തെ നിത്യസ്നേഹത്തിന് നിങ്ങൾ പങ്കാളിയായിത്തീരുകയും ചെയ്യും. ക്രൂശ് ക്രിസ്തുവുമായി നിങ്ങളെ യോജിപ്പിക്കുന്നു. നിങ്ങൾ ഏകനായിരിക്കയില്ല. പ്രത്യുത, തന്നോടുകൂടി എന്നേയ്ക്കുമുള്ള പുതുജീവൻ നിങ്ങൾക്കു ലഭിക്കുന്നു.

രണ്ടു വ്യക്തികൾ തമ്മിൽ പൊതുവായ ഒരു നുകം പങ്കുവയ്ക്കണമെങ്കിൽ രണ്ടുപേരും ഒരേ വേഗത പുലർത്തേണ്ടിയിരിക്കുന്നു. ഒരാൾ പുറകിലായാൽ രണ്ടുപേർക്കും വേദന അനുഭവപ്പെടും; ഒരാളുടെ കഴുത്തൊടിയുന്നതിനും ഇടയുണ്ട്. മറ്റൊരാളുടെ നുകവുമായി പങ്കാളിയാകുന്നതിന് മുമ്പേ ആ വ്യക്തിയുടെ സ്വഭാവം എങ്ങനെയുള്ളതെന്ന് അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.

ക്രിസ്തുവിന്റെ ഹൃദയം താഴ്മയുള്ളതാണെന്നു നിങ്ങൾക്കു വെളിപ്പെടും. നിഗളം സാത്താന്റെ പ്രത്യേകം പാപമാണ്. യേശുക്രിസ്തു സ്വർഗ്ഗത്തിലെ മഹിമയെല്ലാം വെടിഞ്ഞു മനുഷ്യന്റെ ദാസനായിത്തീർന്നു. അതിനാൽ അവിടുത്തെ നുകം ഏറ്റുകൊണ്ടു തന്നോടൊരുമിച്ച് നടക്കണമെന്നും നീ ആഗ്രഹിച്ചാൽ നിനക്കു സ്വയം പ്രശംസിക്കുവാൻ സാധിക്കുകയില്ല. നേരെമറിച്ച് നീ എല്ലാവരുടെയും ഒരു ആത്മാർത്ഥ ദാസനായിത്തീരും.

ക്രിസ്തുവിന്റെ നുകത്തിന്റെ കീഴിൽ, അവനോടുള്ള കൂട്ടായ്മയിലേക്കു നിങ്ങളെ വിളിക്കുന്നു, സുവിശേഷവിത്തു വിതയ്ക്കുന്നതിനുവേണ്ടി നിലം ഒരുക്കുവാൻ. താങ്കൾ ക്ഷീണിതനും ബലഹീനനും പാപിയുമാണെങ്കിലും നിങ്ങളെ ശുദ്ധീകരിച്ച് സ്വാതന്ത്ര്യനാക്കി ദൈവത്തെ സേവിപ്പാൻ യോഗ്യനാക്കിത്തീർക്കും. ഈ മഹൽപദവി സ്വപ്രയത്നത്താലല്ല യേശുക്രിസ്തുവിന്റെ ശക്തിയാൽ മാത്രം ലഭിക്കു